# Soul and Vision





കൊളോണിലെ കറുത്ത മാതാവ്





വിശുദ്ധ അൽഫോൻസ

January 2009
Volume 01, No.01

പ്രവാസി പ്രേഷിതർക്ക് ഒരു ഇൻറർ നെററ് വാർത്താമാധ്യമം : An Internet news info. for overseas evangelists

## 2009 ജനുവരി 11-ന് കൊളോണിൽ കറുത്ത മതാവിന്റെ പള്ളിയിൽ പ്രാർഥനാസംഗമം

**കൊളോൺ: ജനുവരി 11 ഞായറാഴ്ച 9.30ന് കറുത്ത മാതാവിന്റെ ദേവാലയത്തിൽ ജപമാല തുടർന്നു ദിവ്യബലി, വി.അൽഫോൻസയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന എന്നിവ നടത്തും. പതിവുപോലെ നല്ലൊരു വിഭാഗം ജർമ്മൻകാരും തിരുകർമ്മകളിൽ പങ്കെടുക്കും.**

2008 സെപ്റ്റംബർ 7-ന് ബ്ളാക്ക് മഡോണ പ്രെയർ ഗ്രൂപ്പ് ആദ്യമായി ഈ ദേവാലയത്തിൽസമ്മേളിച്ചു. ഇൻഡ്യയിലെ മതപീഡനത്തിന് ഇരയായിട്ടുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കാനായിരുന്നു അന്ന് ഒന്നിച്ചുകൂടിയത്. തുടർന്ന് ഒക്ടോബർ 12-ന് വി.അൽഫോൻസയെ വിശുദ്ധയായി പ്രഖ്യാപിച്ച ദിവസം തന്നെ വിശദ്ധയുടെ രൂപം പ്രതിഷ്ഠിച്ചിട്ട് മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി. പ.മാതാവിൻെറയും വി. അൽഫോൻസായുടെയും മദ്ധ്യസ്ഥതവഴി അനുഗ്രഹങ്ങൾ ലഭിച്ച വിവരം പലരും അറിയിച്ചു. നവംബർ 9-ന് കൃിതജ്ഞതാബലിയിൽ പങ്കുകൊള്ളുവാൻ ഇവിടെ തിങ്ങികൂടിയ ഭക്തജനസമൂഹം ഇതിനൊരു തെളിവായിരുന്നു.



കോളോണിലെ കറുത്ത മാതാവിന്റെ രൂപം ഇൻഡ്യയിൽ ആദ്യമായി പ്രതിഷ്ഠിച് വന്ദിയ്ക്കുന്നത് ഭാരതത്തിന്റെ ലിസ്യൂ എന്നറിയ.പ്പെടുന്ന ഭരണങ്ങാനത്താണ്.

ഡിസംബർ 14-ാം തിയതി ഞായറാഴാച രണ്ടുമണിക്ക് സെന്റ് മേരീസ് ഫൊറാനാപള്ളി വികാരി ഫാ.സെബാസ്റ്റ്യൻ മുണ്ടുമുഴിക്കര പ്രാർഥനാ ശുശ്രൂഷകൾ നടത്തി പ്രഥമ പ്രവാസി പ്രാർഥനാ സംഗമത്തിന് തുടക്കമിട്ടു. ഒരു ചുരുങ്ങിയ കാലയളവിൽ ബ്ളാക്ക് മഡോണ പ്രെയർഗ്രൂപ്പിനു ലഭിച്ച വലിയൊരു അനുഗ്രഹമാണിത്.

> നവവത്സരം 2009 ആദ്യന്തം മംഗളമാകുവാൻ
> എല്ലാവിധ ആശംസകളും പ്രാർഥനകളും..!
> ബ്ളാക് മഡോണ പ്രെയർ ഗ്രൂപ്പ്
> കൊളോൺ, ജർമ്മനി

കൂടുതൽ വിവരങ്ങൾക്ക് :
വൽസാ കട്ടിക്കാരൻ (0221 833567), സണ്ണി ഇളപ്പുങ്കൽ (02233 922522), ലാജി വർഗ്ഗീസ് കർണശ്ശേരിൽ (02233 45668), ഷെർലി വില്യം (0221 351254), ലീലാമ്മ ചാണ്ടി (02236 842668), ഏലിക്കുട്ടി വിലങ്ങാപാറ (0221 5101182), ആൻ മ്യാതു (സ്കറിയാ)-01765409880.

## പ്രവാസികളും പ്രേഷിതരംഗവും

മലയാളി പ്രവാസികളുടെ ഇടയിൽ ജീവിതനവീകരണവും ആത്മീയവളർച്ചയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് ‘‘സോൾ ആൻഡ് വിഷൻ’’ എന്ന ഈ വാർത്താ മാദ്ധ്യമം തുടക്കം കുറിക്കുന്നത്. ബ്ളാക്ക് മഡോണ പ്രയർ ഗ്രൂപ്പിൻെറ പ്രാർഥനാസംഗമങ്ങളിൽ നിന്നാണ് ഇങ്ങനെയൊരു പ്രചോദനം കിട്ടിയത്. ഈ മാദ്ധ്യമത്തിന് എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

കഴിഞ്ഞവർഷം കൊളോണിലെ കറുത്ത മാതാവിന്റെ ഭക്തർക്ക് ലഭിച്ച വലിയൊരു അനുഗ്രഹമാണ് വി.അൽഫോൻസയുടെ മദ്ധ്യസ്ഥ സാന്നിദ്ധ്യം. മററുള്ളവരുടെ ക്ലേശങ്ങൾ അറിയുവാൻ താല്പര്യം കാണിയ്ക്കുകയെന്നത് മനുഷസഹജമായ സ്വഭാവമാണ്. വി.അൽഫോൻസ സ്വയം മറന്ന് മററുള്ളവരുടെ ക്ലേശങ്ങൾക്കും ആരോഗ്യത്തിനും വേണ്ടി പ്രാർഥിയ്ക്കുകയും സ്വജീവിതം ബലിയർപ്പികയും ചെയ്തു. അങ്ങനെ സഹനത്തിന്റെയും എളിമയുടെയും പ്രതീകമായി വിശുദ്ധരുടെ പദവിയിലേയ്ക്ക് ഉയർത്തപെട്ടു.

ജർമ്മനിയിൽ കോളോണിലും പരിസരത്തുമാണ് നല്ലൊരു ശതമാനം മലയാളികൾ താമസിയ്ക്കുന്നത്. ഈ സമൂഹത്തിന്റെ ക്ലേശങ്ങളും ദുഃഖങ്ങളും അവയുടെ തീഷ്ണതയും മനസ്സിലാക്കിയട്ടാവണം വി.അൽഫോസമ്മയുടെ മാദ്ധ്യസ്ഥ്യം കറുത്ത മാതാവിന്റെ ദേവാലയത്തിൽ സ്ഥാനം പിടിയ്ക്കുന്നത്. പ്രാർഥനകൾക്ക് മലയാളികളും വിദേശിയരും നിത്യംസന്ദർശിയ്ക്കുന്ന തീർഥാടന കേന്ദ്രമാണ് ഈ ദേവാലയം.

‘ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്ക് ദുരിതം’എന്നു പറഞ്ഞ പൗലോസ് ശ്ലീഹായുടെ തീക്ഷ്ണതയോടെ വചനപ്രഘോഷണം, വചനാനുഭവം, പ്രാർഥനാ അനുഗ്രഹങ്ങൾ എന്നിവ മററുള്ളവരുമായി പങ്കുവയ്ക്കുവാൻ നമ്മൾ കടപ്പെട്ടവരാണ്. സോൾ ആൻഡ് വിഷൻ മാധ്യമം ഒരു പരിധിവരെ ഇതിന് ഉപകാരപെടുമെന്നാണ് പ്രതീക്ഷ. കേരളത്തിലെയും യൂറോപ്പിലെയും പല നിത്യാരാധനാലയങ്ങളിൽ സോൾ ആൻഡ് വിഷൻ ഇൻറർനെററ് വഴി എത്തിക്കുന്നതാണ്. പ്രാർഥനാനിയോഗങ്ങൾ, അനുഭവങ്ങൾ, ഉപകാരസ്മരണകൾ പ്രസദ്ധീകരിക്കണമെങ്കിൽ g_katticaren@yahoo.com എന്ന ഇ മെയിലിൽ ബന്ധപ്പെടുക ഇതു പ്രസദ്ധീകരിക്കുവാൻ സഹകരിച്ച സുഹൃത്തുകൾകും ഉപദേശം തന്ന റവ.ഫാ.ജോസ് കോട്ടയിലനും അകമഴിഞ്ഞ നന്ദി.

പുതുവത്സരആശംസകൾ...!! എഡിററർ.

## പ്രവാസി പ്രാർഥനാസംഗമം ഭരണങ്ങാനത്ത്

ഭരണങ്ങാനംഃ ജനുവരി 25-ന് ഞായറാഴ്ച ഉച്ചക്ക് രണ്ടു മണിക്ക് ഭരണങ്ങാനം സെൻറ് മേരീസ് ഫോറാനാ പള്ളിയിൽ പ്രവാസി പ്രാർഥനാ സംഗമം നടക്കും. വി.അൽഫോൻസയുടെ തിരുശേഷിപ്പുകൾ സൂക്ഷിച്ചുവച്ചരിയ്ക്കുന്ന അൽത്താരയിൽ കറുത്ത മാതാവിന്റെ ഛായപടം പ്രതിഷ്ടിച്ച് ജപമാലയും തുടർന്നു വി.അൽഫോൻസയോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നതാണ്.

തദവസരത്തിൽ റവ.ഫാ.പ്രതീപ് ഏർത്തയിൽ സി.എം.ഐ പ്രവാസികൾക്കും പ്രത്യേകിച്ച് ജർമനിയിലെ യുവജനങ്ങൾക്കുംവേണ്ടി ദിവ്യബലി അർപ്പിയ്ക്കുന്നതാണ്. ജർമനിയിൽ ജനിച്ച ഫാ.പ്രതീപ് ഈ കഴിഞ്ഞ ഡിസംബർ 29-ാം തിയതിയാണ് പൗരോഹിത്യം സ്വീകരിച്ചത്. ജർമൻ പ്രവാസികളുടെ ഇടയിൽനിന്നുള്ള പ്രഥമ വൈദികനാണ് അദ്ദേഹം. അഭിനന്ദങ്ങൾ..

## ഉപകാരസ്മരണ





അത്യാഹിതത്തിൽ
സഹായം ലഭിച്ചതിന്
സണ്ണി ഇളപ്പുങ്കൽ
കൊളോൺ

"Soul and Vision" E.Mail news letter is for free circulation and edited by: George Katticaren, Raiffeisen Str.25, 51105 Koeln, Germany, Tel: +49 221 833567, Fax: + 49 221 8306031, E.Mail: g_katticaren@yahoo.com, Contact nos. in India: 0484 2331083/Mob: 9895535935
Honorary Advisors: Rev.Fr. Jose Kottayil, Sunny Elapunkal, George Kuttikattu, Mrs.Valsa Katticaren, Mrs.Gracy George, Baby Aerthayil Jose Palamattam, Jose A. Kachiramattam, Dr.Sunny Samuel, P.M.Mathew.